LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പിൽ ഡ്രിക്ക് ബോർഡ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സിസ്റ്റം പ്രോഗ്രാമറായി നിയമനം

77 [5056] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഡ്രിക്ക് ബോർഡ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സിസ്റ്റം പ്രോഗ്രാമറായി പ്രൊമോഷനിലൂടെയോ പി.എസ്.സി. മുഖേനയോ അല്ലാതെ ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഉണ്ടെങ്കിൽ ആർക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(സി) പ്രസ്തുത നിയമനം ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) മരാമത്ത് വകുപ്പിൽ ഈ തസ്തികയിലേക്ക് പരിഗണിക്കപ്പെടാൻ യോഗ്യതയുള്ള ആളിന്റെ അഭാവത്തിലാണോ പ്രസ്തുത നിയമനം നൽകിയിട്ടുള്ളത്;

(ഇ) സ്പെഷ്യൽ റൂൾസും പ്രൊമോഷൻ ചട്ടങ്ങളും മറികടന്ന് നടത്തിയിട്ടുള്ള ഈ നിയമനം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഡ്രിക് ബോർഡിൽ ഡെപ്യൂട്ടേഷനിൽ ജോലിനോക്കിയിരുന്ന ശ്രീമതി ജോയി അന്തർജനത്തിന് സിസ്റ്റം പ്രോഗ്രാമറായി നിയമനം നൽകിയിട്ടുണ്ട്.

(സി—ഇ) സ്പെഷ്യൽ റൂളിന്റെ അഭാവത്തിൽ കെ. എസ്. ആർ. റൂൾ 39 അനുസരിച്ചാണ് നിയമനം നൽകിയിട്ടുള്ളത്.

അസിസ്റ്റന്റ് എഞ്ചിനീയർ സ്പെഷ്യൽ റിക്രൂട്ട്മെന്റ് - റാങ്ക്ലിസ്റ്റ്

78 [5058] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. പൊതുമരാമത്ത് വകുപ്പിലേക്ക് അസിസ്റ്റന്റ് എഞ്ചിനീയർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിലേക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത് നിലവിലുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റ് നിലവിൽ വന്ന തീയതി എന്നാണ്;

(സി) ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ്;

(ഡി) ഇതുവരെ ഈ ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5057-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)